റൂറൽ ജില്ലയിൽ നാല് പോലീസ് സ്റ്റേഷനുകളിൽ ശിശു സൗഹൃദ ഇടം ആരംഭിച്ചു. ശിശു സൗഹൃദ ഇടങ്ങളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനിലൂടെ നിർവ്വഹിച്ചു. കുട്ടികൾക്ക് പോലീസ് ഉദ്യോഗസ്ഥരുമായും സ്റ്റേഷനുമായും ഇടപഴകുന്നതിനും സംവദിക്കുന്നതിനുമുള്ള അന്തരീക്ഷമാണ് ഒരുക്കിയിട്ടുള്ളത്. ചെങ്ങമനാട്, പറവൂർ, മുളന്തുരുത്തി, ഊന്നുകൽ എന്നീ സ്റ്റേഷനുകളിലാണ് പുതുതായി ശിശു സൗഹൃദ ഇടങ്ങൾ ആരംഭിച്ചിട്ടുള്ളത്. പ്രത്യേകം സജ്ജമാക്കിയ കെടിടത്തിൽ കളിപ്പാട്ടങ്ങൾ, പുസ്തകങ്ങൾ, എന്നിവ ഒരുക്കിയിട്ടുണ്ട്.